ലേഖനം

# മഅ്ദനിയും 'മതേതരത്വ'ത്തിന്റെ പതിവ് അജണ്ടകളും

എ. റശീദുദ്ദീൻ

**കേരളത്തിലെ** തെരഞ്ഞെടുപ്പുകാലത്തെ ശബ്ദമുഖരിതമാക്കുന്നത് നഗരപ്രദക്ഷിണത്തിനിറങ്ങുന്ന മതേതരവാദികളുടെ വാണീവിലാസങ്ങളാണ്. വൈഷ്ണികമായ ആശയങ്ങളോടുള്ള മലയാളിയുടെ ആഭിമുഖ്യമാണ് ഈ പുണ്യപുരാണ ശേഷിപ്പുകളുടെ പട്ടണപ്രവേശത്തെ വലിയ ആഘോഷമാക്കി മാറ്റുന്നത്. അറബിപ്പേരുകൾ കാൽക്കാശിന് വിറ്റ് പ്രസിദ്ധിയുണ്ടാക്കുന്നവരും സ്ഥാനമാനങ്ങൾക്ക് കടപ്പത്രം എഴുതി നൽകിയവരും ആളും തരവും നോക്കി 'ബുദ്ധിജീവിത്വ'ത്തിന് ആദായവിൽപ്പന നടത്തുന്നവരും അവസരവാദികളുമൊക്കെയാണ് ഗാന്ധിജിയെയും ഭരണഘടനയെയും പൊക്കിയുയർത്തി തെരഞ്ഞെടുപ്പുകാലത്ത് സുവിശേഷം പറയാനിറങ്ങുന്ന പ്രധാനികൾ. ജനാധിപത്യത്തെയും മതേതരത്വത്തെയുമൊക്കെ പൊതുജീവിതത്തിൽ അക്ഷരങ്ങളിലൊതുക്കിയതിനു ശേഷം അതിന്റെ വിശാലമായ തത്ത്വത്തെ ചർച്ചക്കെടുക്കുന്ന ദുരവസ്ഥയാണിത്. വർഗീയത കുറ്റമാണെന്നു പറയുമ്പോൾ തന്നെ ആ കുറ്റത്തെ പൊറുത്തു കൊടുത്ത് മാപ്പാക്കുന്ന ഇന്നത്തെ മുഖ്യധാരാ ജനാധിപത്യ വ്യവസ്ഥയോട് ഇവരിലൊരുത്തനും പരസ്യമായി വിയോജിക്കാനാവുന്നില്ല. നരേന്ദ്രമോഡിയും എൽ.കെ അദ്വാനിയും നേതാക്കളായ ബി.ജെ.പിയുടെ മൃഗീയജനാധിപത്യത്തെ കുറിച്ചല്ല ചർച്ച. പരൽമീനുകളുടെ വർഗീയതയെ കുറിച്ചാണ്. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.




മഅ്ദനി

അലക്സാണ്ടർ ചക്രവർത്തിയും കടൽകൊള്ളക്കാരനും തമ്മിൽ നടന്ന വിശ്വവിഖ്യാതമായ ആ സംഭാഷണം പോലെയാണിത്. മറ്റു രാജ്യങ്ങളെ കീഴ്പ്പെടുത്താനായി ഒരുപാട് കപ്പലും ഒരുപാട് പടയാളികളുമുള്ള അലക്സാണ്ടറെ ജനം ചക്രവർത്തിയെന്നു വിളിക്കുകയും ഏതാനും പടയാളികളും വെറുമൊരു കപ്പലും മാത്രമുള്ളയാളെ കടൽക്കൊള്ളക്കാരനെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നതിന്റെ ആധുനിക വകഭേദമാവുകയാണ് മതേതരത്വത്തെയും ജനാധിപത്യത്തെയും കുറിച്ച ഈ ചർച്ചകൾ.

മതേതരത്വത്തിന്റെ നല്ല മുഖങ്ങളെന്ന് നാം നിശ്ചയിച്ചുവെച്ചവരുടെ കൂട്ടത്തിൽ സി.പി.എമ്മും കോൺഗ്രസുമാണ് മുമ്പന്തിയിലുള്ളത്. മുസ്‌ലിം ലീഗും ബി.ജെ.പിയും ഒട്ടും പിന്നിലല്ലാത്ത സ്ഥാനം അലങ്കരിക്കുന്നുണ്ട്. ചീത്ത മുഖമാവുന്നത് പി.ഡി.പിയും ജനപക്ഷം രാമൻ പിള്ളയും മാത്രമാണ്. ബി.ജെ.പി അധ്യക്ഷൻ കൃഷ്ണദാസിനെ വർഗീയവാദി എന്നു വിളിക്കാൻ ധൈര്യമില്ലാത്തവരാണ് രാമൻപിള്ളക്കു നേരെ വിരൽ ചൂണ്ടുന്നവർ. മുസ്‌ലിം ലീഗ് മതേതരകക്ഷിയാണെന്ന് വിശ്വസിക്കുകയും പി.ഡി.പിയെ എതിർക്കുകയും ചെയ്യുന്നതിന്റെ തത്ത്വവും ഇതുതന്നെ. പി.ഡി.പിയെ ഒപ്പംകൂട്ടിയതിനെ ന്യായീകരിക്കാൻ പിണറായി വി

**മഅ്ദനിയുടെ കാലുപിടിച്ച് മുൻകാലങ്ങളിൽ തെരഞ്ഞെടുപ്പ് ജയിക്കാൻ നോക്കിയവരുടെ കൂട്ടത്തിൽ ഉമ്മൻ ചാണ്ടിയും ചെന്നിത്തലയും കുഞ്ഞാലിക്കുട്ടിയും പിണറായിയും അച്യുതാനന്ദനും മാത്രമല്ല സാക്ഷാൽ എൽ.കെ. അദ്വാനി പോലുമുണ്ട് എന്നുള്ളതാണ് ലജ്ജിപ്പിക്കുന്ന യാഥാർഥ്യം. മഅ്ദനിയുടേതടക്കം കോയമ്പത്തൂർ കേസിലെ അര ഡസനോളം പ്രതികളുടെ ഭാര്യമാരെ അക്കാലത്ത് ന്യൂദൽഹിയിലെത്തിച്ച് അദ്വാനി വിലപേശിയതിന്റെ കഥ സംഭവത്തിന് ഒത്താശ ചെയ്ത മലയാളിയായ ഒരു പ്രമുഖ ബി.ജെ.പി നേതാവിന്റെ ഓഫീസിൽ നിന്നുതന്നെയാണ് അക്കാലത്ത് മാധ്യമങ്ങൾക്ക് ചോർന്ന് കിട്ടിയത്.**

ജയൻ രാമൻ പിള്ളയെ ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതും വിശാലമായ അർഥത്തിൽ ഒരുതരം വർഗീയതയാണ്. 'ഗുരുക്കളിൽ അമ്പുകൊള്ളാത്തവരായി ആരുണ്ട്' എന്ന മഹാഭാരതത്തിലെ ചോദ്യത്തെയാണ് ഈ രാഷ്ട്രീയ പാർട്ടികൾ ഓർമിപ്പിക്കുന്നത്. പി.ഡി.പി വർഗീയവാദികളാണോ അല്ലേ എന്നതു മാത്രമാണ് ഇപ്പോഴത്തെ ചർച്ച. മുസ്‌ലിം ലീഗും ബി.ജെ.പിയും വരെ ഈ വാക്പയറ്റിൽ പങ്കെടുക്കുന്നുണ്ട്. കേന്ദ്രം ഭരിച്ച കക്ഷികളായതുകൊണ്ട് പണ്ടേപ്പോലെ ഇവർക്കൊന്നും അയിത്തമില്ലാതായിരിക്കുന്നു. ബി.ജെ.പി നേതാവ് പി.എസ് ശ്രീധരൻ പിള്ള *മാതൃഭൂമി* ദിനപത്രത്തിലെഴുതിയ ലേഖനം ഉദാഹരണം. സർക്കാർ ഏർപ്പെടുത്തിയ നിരോധത്തെ കോടതിയിൽ മറികടക്കാൻ കഴിയാതിരുന്ന മഅ്ദനിക്ക് ആർ.എസ്.എസ്, ബജ്റംഗ്ദൾ, ജമാഅത്തെ ഇസ്‌ലാമി എന്നീ സംഘടനകളെ പോലെ അഗ്നിശുദ്ധി വരുത്താനായിട്ടില്ലെന്നും അവരുമായുള്ള സി.പി.എമ്മിന്റെ കൂട്ടുകെട്ട് അവസരവാദപരമാണെന്നും ബി.ജെ.പി നേതാവ് എഴുതുന്നു. ആളെ കൊന്നതിനും വർഗീയ കലാപം നടത്തിയതിനും ജയിലിൽ പോകാത്ത നേതാക്കളുള്ള പാർട്ടിയായതു കൊണ്ടായിരിക്കണം ബഭജ്റംഗ്ദൾ ബി.ജെ.പിയുടെ മുന്നണിയിലെ മുഖ്യ ഒത്താശക്കാരനായി തുടരുന്നത്! നിരോധിച്ച ഐ.എസ്.എസിനെ മഅ്ദനി പിരിച്ചുവിട്ടിരുന്നുവെന്നതിരിക്കട്ടെ, ആർ.എസ്.എസും ബജ്റംഗ്ദളും വാദിച്ച കേസും ജമാഅത്ത് വാദിച്ചതും ഒന്നുതന്നെയായിരുന്നുവെന്ന ഒരു തരം കുടിലമായ സമീകരണവും ഇതിനകത്തുണ്ട്.



രാമൻ പിള്ള

**ബി.ജെ.പി അധ്യക്ഷൻ കൃഷ്ണദാസിനെ വർഗീയവാദി എന്നു വിളിക്കാൻ ധൈര്യമില്ലാത്തവരാണ് രാമൻപിള്ളക്കു നേരെ വിരൽ ചൂണ്ടുന്നവർ. മുസ്‌ലിം ലീഗ് മതേതരകക്ഷിയാണെന്ന് വിശ്വസിക്കുകയും പി.ഡി.പിയെ എതിർക്കുകയും ചെയ്യുന്നതിന്റെ തത്ത്വവും ഇതുതന്നെ. പി.ഡി.പിയെ ഒപ്പംകൂട്ടിയതിനെ ന്യായീകരിക്കാൻ പിണറായി വിജയൻ രാമൻ പിള്ളയെ ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതും വിശാലമായ അർഥത്തിൽ ഒരുതരം വർഗീയതയാണ്.**

ഒറ്റനോട്ടത്തിൽ മതേതരത്വത്തിന്റെ പുഷ്കലമായ ഒരു കാലഘട്ടമാണിത്. എത്രയെത്ര മാന്യന്മാർ! എന്നാലോ, മഅ്ദനിയുടെ കാലുപിടിച്ച് മുൻകാലങ്ങളിൽ തെരഞ്ഞെടുപ്പ് ജയിക്കാൻ നോക്കിയവരുടെ കൂട്ടത്തിൽ ഉമ്മൻ ചാണ്ടിയും ചെന്നിത്തലയും കുഞ്ഞാലിക്കുട്ടിയും പിണറായിയും അച്യുതാനന്ദനും മാത്രമല്ല സാക്ഷാൽ എൽ.കെ. അദ്വാനി പോലുമുണ്ട് എന്നുള്ളതാണ് ലജ്ജിപ്പിക്കുന്ന യാഥാർഥ്യം. മഅ്ദനിക്കു വേണ്ടി ജയലളിതയെ കണ്ടവരും അഭിഭാഷകനെ 'ഏർപ്പാടാക്കാൻ' സ്വന്തം പോക്കറ്റിൽനിന്ന് പണം മുടക്കിയവരുമൊക്കെ ഇക്കൂട്ടത്തിലുണ്ട്. മഅ്ദനിയുടേതടക്കം കോയമ്പത്തൂർ കേസിലെ അര ഡസനോളം പ്രതികളുടെ ഭാര്യമാരെ അക്കാലത്ത് ന്യൂദൽഹിയിലെത്തിച്ച് അദ്വാനി വിലപേശിയതിന്റെ കഥ സംഭവത്തിന് ഒത്താശ ചെയ്ത മലയാളിയായ ഒരു പ്രമുഖ ഒരു ബി.ജെ.പി നേതാവിന്റെ ഓഫീസിൽ നിന്നുതന്നെയാണ് അക്കാലത്ത് മാധ്യമങ്ങൾക്ക് ചോർന്നു കിട്ടിയത്. പിന്നീട് തിരുവനന്തപുരത്ത് പന്ന്യൻ രവീന്ദ്രൻ വിജയിച്ച ഉപതെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ജയിച്ചു കയറണമെങ്കിൽ മുക്കാൽ ലക്ഷം വോട്ടിന്റെ കുറവുണ്ടായിരുന്നു. കടലാസിലെ ഈ കണക്ക് പി.ഡി.പിയെ കൊണ്ട് വരവുവെപ്പിക്കാമെന്ന് കണക്കുകൂട്ടിയ നേതാവ് ഒടുവിൽ ഉണ്ടക്കരണം മറിയുകയും മഅ്ദനിയുടെ കഷ്ടപ്പാട് കുറെക്കൂടെ ദുരന്തപൂർണമായി തുടരുകയും ചെയ്തത് പിൽക്കാല ചരിത്രം. അന്നവിടെ ഉയർന്ന ഒരു ചോദ്യമുണ്ടായിരുന്നു. മഅ്ദനിയുടെ പാർട്ടി ഈ നേതാവിന് വോട്ടുകൊടുത്തിരുന്നുവെങ്കിൽ അവസാനിപ്പിക്കാമായിരുന്ന ഒരു ജയിൽവാസമായിരുന്നോ അത്? കോടതി എന്ന സാങ്കേതികമായ യാഥാർഥ്യത്തെ മറികടന്നും ഒരു സർക്കാറിന് മോചിപ്പിക്കാനാവുന്ന തരം 'കേസു'കളാണ് അദ്ദേഹത്തിനെതിരെ ഉണ്ടായിരുന്നതെന്ന് ഈ നീക്കത്തിന് അർഥമുണ്ടാവണമല്ലോ. അപ്പോൾ പിന്നെ നാം ഉയർത്തുന്ന ആരോപണങ്ങൾക്ക് എങ്ങനെയാണ് മതേതരത്വവും മാനവികതയുമൊക്കെ അടിസ്ഥാനമായി മാറുന്നത്? രാഷ്ട്രീയക്കാരന്റെ അവസരവാദവും ഗൂഢാലോചനയും കുതികാൽവെട്ടുമൊക്കെയല്ലേ അന്നും ഇന്നും മഅ്ദനിയെ കുറിച്ച ആരോപണങ്ങളുടെ അടിസ്ഥാനമായിരുന്നത്? ശിക്ഷിക്കുന്നതും രക്ഷിക്കുന്നതും ഈ പകൽമാന്യന്മാരായ രാഷ്ട്രീയ നേതാക്കളുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നില്ലേ? അവരല്ലേ ഭീകരതയെയും ദേശീയതയെയും കൃത്രിമമായി സൃഷ്ടിച്ചുകൊണ്ടിരുന്നത്? അന്ന് ആരോപണമുന്നയിച്ച് വിഷണ്ണരായവർ പുതിയ അവസരമെത്തിയപ്പോൾ വീണ്ടും അതേകാര്യങ്ങൾ ഉയർത്തുകയല്ല ചെയ്യുന്നതെന്ന് എന്തടിസ്ഥാനത്തിൽ പറയാനൊക്കും?

അധികാരം പാപങ്ങളെ ഇല്ലാതാക്കുന്നുവെന്ന ഗുജറാത്തികളുടെ വഷളൻ കാഴ്ചപ്പാടിന് ഒപ്പമെത്തുകയാണ് മലയാളി. ഹിന്ദുത്വത്തിനു വേണ്ടിയാണെങ്കിൽ ഏത് തെറ്റും പൊറുക്കപ്പെടുമെന്നതാണ് അവരുടെ നീതിശാസ്ത്രം. മാറാട് കേസിൽ ശിക്ഷിക്കപ്പെട്ടവർ പകുതിയിലേറെയും ലീഗുകാരായിട്ടും, ഇനിയുള്ള കേസിലും വിചാരണ തുടർന്നാൽ ശിക്ഷിക്കപ്പെടുന്നവർ ബി.ജെ.പിക്കാരാകുമെന്നിട്ടും അധികാരത്തിലേറിയവരുടെ തെറ്റുകൾ മലയാളി പൊറുത്തുകൊടുക്കാൻ ശീലിക്കുകയാണ്. മതേതരത്വം എന്ന ആശയത്തോട് ഇത്രയും പ്രതിബദ്ധത ഉണ്ടായിരുന്നുവെങ്കിൽ ബി.ജെ.പിയെ കുറിച്ച് *മാതൃഭൂമി* എത്ര പേജ് നിറയെ എഴുതണമായിരുന്നു? നൂറു കണക്കിന് ആളുകളെ ചുട്ടുകൊല്ലാൻ പെട്രോളിന്റെ കന്നാസുമായി ഓടിനടന്ന ഒരു മന്ത്രി ഗുജറാത്തിൽ അഞ്ചു കൊല്ലമായി നാടുഭരിച്ച വിവരത്തേക്കാളും ഏതർഥത്തിലാണ്, മലപ്പുറത്തു നിന്നും കശ്മീരിലേക്കു നാലു യുവാക്കൾ പോയിട്ടുണ്ടെന്ന പോലീസ് കഥ സുപ്രധാനമാവുന്നത്? വഴിയാത്രക്കാരന് സക്കാത്തിൽ കൊടുക്കുന്ന വിഹിതം പോലെ ചെറിയൊരു പങ്ക് ശകാരം ബി.ജെ.പിക്ക് നൽകുന്നുണ്ടെങ്കിലും തല്ലുകയാണോ തലോടുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാവാത്തതരം കൈപ്രയോഗമാണത്. മൂവായിരം പേരെ കൊല്ലാൻ പ്രേരിപ്പിച്ച 'രാഷ്ട്രീയ'ത്തിന് കൽപ്പിക്കുന്ന ആനുകൂല്യങ്ങൾ പോലീസുകാരൻ പറയുന്ന കഥകൾക്കപ്പുറം തെളിവില്ലാത്ത പി.ഡി.പിയുടെ കാര്യത്തിൽ പക്ഷേ മറിച്ചാവുകയാണ്. അബ്ദുന്നാസിർ മഅ്ദനിയുടെ പാർട്ടിയോഫീസിൽ ചെന്ന് വോട്ടുപിടിക്കുന്നതിനോളം കടുത്ത അശ്ലീലം മലയാളക്കരയിൽ മറ്റൊന്നില്ലാതാവുന്നത് ചികിത്സിക്കേണ്ട മനോരോഗമാണ്. മലയാളി കുറെക്കൂടി മുഴുത്ത മുസ്‌ലിം വിരുദ്ധനാവുകയും ബി.ജെ.

പി പ്രതിനിധാനം ചെയ്യുന്ന ഹിന്ദുത്വ സിദ്ധാന്തങ്ങൾ സാർവജനീനമാകുകയുമാണ് ഇപ്പോഴത്തെ ചർച്ചയിലൂടെ സംഭവിക്കുന്നത്. സി.പി.എം തകർന്നടിയണമെന്ന വിചാരവും അതിനോടനുബന്ധിച്ച് മഅ്ദനിയുടെ പ്രത്യയശാസ്ത്ര വിചാരണയും ആരംഭിക്കുന്നത് വീരേന്ദ്രകുമാറിന് വേണ്ടിയാണെങ്കിൽ ആ എഴുത്തിന് ജനതാദൾ എന്ന പാർട്ടിയുടെ മിനിമം മാനവിക മൂല്യങ്ങളെങ്കിലും ഉണ്ടാവണം. സി.പി.എമ്മിനെ തകർക്കാൻ ഉപകരിക്കുമെങ്കിലും *മാതൃഭൂമി* ആളെക്കൂട്ടുന്നത് ശ്രീധരൻ പിള്ളയുടെ പാർട്ടിയിലേക്കാണ് എന്നതാണ് യാഥാർഥ്യം.

ബി.ജെ.പി ഭരണകൂടം ഒരു കാലത്ത് സൃഷ്ടിച്ചെടുത്ത ഇമേജുകളിലൊന്നാണ് മഅ്ദനി. കോയമ്പത്തൂർ സ്ഫോടനവുമായി അദ്ദേഹത്തെ കൂട്ടിക്കെട്ടാനുള്ള ഗൂഢാലോചന പിറന്നത് ഒരുപക്ഷേ ന്യൂദൽഹിയിൽ വെച്ചായിരുന്നു. സിമി എന്ന കടലാസു സംഘടനയെ കുറിച്ച് ജസ്റ്റിസ് ഗീതാ മിത്തലിന് അംഗീകരിക്കേണ്ടി വന്ന സത്യങ്ങൾക്കും മഅ്ദനിയുടെ അറസ്റ്റിനും അതിശയകരമായ സാമ്യതയുണ്ട്. ഇരു സംഘടനകളും തങ്ങളുടെ പ്രവൃത്തികളേക്കാളേറെ വാക്കുകൾ കൊണ്ട് ശ്രദ്ധിക്കപ്പെട്ടവയായിരുന്നു. ജനാധിപത്യത്തിലെ അവകാശങ്ങളെ കുറിച്ചു മാത്രം ഓർമയുണ്ടായിരുന്ന സിമി ഇന്നും അദ്വാനിയുടെ കെണിയിൽനിന്ന് രക്ഷപ്പെടാനാവാതെ വിയർക്കുമ്പോൾ അൽപ്പമെങ്കിലും ബാധ്യതകൾ നിറവേറ്റുകയും കുറെക്കൂടെ ജനാധിപത്യ മര്യാദകളുടെ ഭാഗമായി നിലകൊള്ളുകയും ചെയ്ത പി.ഡി.പിക്ക് ഈ അഗ്നിപർവത്തിൽനിന്നും ക്ഷമാപൂർവം തലയൂരാനായി. മഅ്ദനിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചവർ അദ്ദേഹത്തെ ശിക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിലൂടെ എന്താണ് നമ്മുടെ രാഷ്ട്രീയ പ്രക്രിയക്കു സംഭവിച്ചത് എന്ന് ബുദ്ധിജീവികൾ വിശകലനം ചെയ്യുന്നുണ്ടോ? പഴയ മഅ്ദനി എന്നെന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെടുകയാണ് ഉണ്ടായത്. ഒരു സർക്കാറും അതിന്റെ സംവിധാനങ്ങളും ഉണ്ടാക്കാൻ ശ്രമിച്ച മുഴുവൻ കള്ളത്തെളിവുകളും കള്ളസാക്ഷികളും ഉണ്ടായിട്ടും മഅ്ദനിയെ വിട്ടയക്കേണ്ടി വന്നു എന്നത് ഇന്നത്തെ നിയമവ്യവസ്ഥയിൽ ചില്ലറ കാര്യമായിരുന്നില്ല.

പി.ഡി.പിയുടെ വർഗീയത പൊതുതെരഞ്ഞെടുപ്പിന്റെ മുഖ്യവിഷയമാക്കുന്നതിലൂടെ മലയാളക്കരയിൽ എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന ചോദ്യമാണ് പ്രധാനം. പൊതുജനം വർഗീയതക്കെതിരെ വോട്ടുചെയ്യണമെന്നും ഇടതുപക്ഷം ജനരോഷത്തിന് ഇരയാവണമെന്നും ഈ പ്രചാരണത്തിന് നേതൃത്വം കൊടുക്കുന്നവർ കരുതുന്നു. ഒരു കാലത്ത് മഅ്ദനിയുടെ വോട്ടിന് വേണ്ടി അദ്ദേഹത്തിന്റെ തിണ്ണ നിരങ്ങിയ നേതാക്കളും അവരുടെ പാദസേവകരായ ബുദ്ധിജീവികളും ഇപ്പോൾ എഴുതിവിടുന്ന ഉപന്യാസങ്ങൾക്ക് നേർക്കുനേരെയുള്ള അനുരണനമുണ്ടാകുന്നത് മഅ്ദനിയിലോ പി.ഡി.പിയിലോ അല്ല എന്നുള്ളതാണ് വസ്തുത. രണ്ട് ദൂഷ്യഫലങ്ങളാണ് അതിനുള്ളത്. പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ സാന്നിധ്യം ഏതു മാർഗമുപയോഗിച്ചും ഇല്ലാതാക്കുകയെന്നതാണ് ഇതിൽ പ്രധാനം. ഒരു സമുദായത്തെ ഭീകരരാക്കിയെടുക്കുന്ന പതിവ് പ്രചാരണത്തിന് കൊഴുപ്പുകൂട്ടാനും ഈ അവസരം ഉപയോഗപ്പെടുത്തുന്നവരുണ്ട്. പുഴുത്തു നാറിയ വർഗീയതയാണ് യഥാർഥത്തിൽ ഈ ചർച്ചകളുടെ അടിസ്ഥാനമായി മാറുന്നത്. കേരളത്തിലെ ചില യുവാക്കൾ കശ്മീരിൽ കൊല്ലപ്പെട്ടതായി പോലീസ് പറയുന്ന ഒരു ദുരൂഹ സംഭവത്തെ പൊക്കിയെടുത്ത് മഅ്ദനിയുടെ പൂർവകാല പ്രസംഗങ്ങളിലേക്ക് ചേർത്തു വായിച്ചാണ് ഇപ്പോഴത്തെ പ്രചാരണം കൊഴുക്കുന്നത്. മഅ്ദനി ജയിലിൽ കഴിഞ്ഞിരുന്ന കാലത്ത് പിടിയിലായവരും മതംമാറിയവരുമെല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒരു അജണ്ടയുടെ ഭാഗമെന്നോണം പ്രത്യക്ഷപ്പെടുന്നതും കാണാനാവും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പോലീസിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞ രീതിയാണിത്. ആരോപണങ്ങൾ നേരത്തേ തീരുമാനിച്ചവയായതു കൊണ്ട് ഇതിൽ പറയപ്പെടുന്ന വ്യക്തികളെയും വസ്തുതകളെയും കുറിച്ച മറുവശങ്ങൾ മാധ്യമങ്ങൾക്ക് വാർത്തയേ അല്ല. മഅ്ദനിയോടൊപ്പം വാർത്താ സമ്മേളന വേദിയിലെത്തി യാഥാർഥ്യം തുറന്നു പറഞ്ഞ മണി എന്ന യൂസുഫ് ഉദാഹരണം. പോലീസ് മണിയെ കൊണ്ട് വെള്ളക്കടലാസിൽ ഒപ്പിടുവിച്ചു വാങ്ങി തന്നിഷ്ടപ്രകാരം എഴുതിച്ചേർത്തതാണ് ഈ ആരോപണമെന്ന് പുറത്തുവന്നതിനു ശേഷവും ഈ ആരോപണത്തിൽ പറയുന്ന കാര്യങ്ങളും മഅ്ദനിയുടെ തിരൂരങ്ങാടി പ്രസംഗവും തമ്മിലുള്ള താരതമ്യപഠനങ്ങൾ അവസാനിച്ചിട്ടില്ല.

**ഭീകരതയുടെ യഥാർഥ കുഴലൂത്തുകാരിൽ മുൻപന്തിയിലുള്ളത് സത്യം പറഞ്ഞാൽ ശശി തരൂർ എന്ന മലയാളിയാണ്. ലോകചരിത്രത്തിലെ ഏറ്റവും കൊടിയ നരമേധങ്ങളുടെ നടത്തിപ്പുകാരായ ഇസ്രയേലിന് അന്താരാഷ്ട്ര വേദികളിൽ മാന്യത സമ്പാദിച്ചുകൊടുക്കാൻ സഹായിക്കുന്ന ലേഖനമാണ് ഈ മലയാളിയെ ആഗോളതലത്തിൽ ശ്രദ്ധേയനാക്കിയത്. ലോക്സഭയിൽ തോറ്റാൽ രാജ്യസഭയിലൂടെ മന്ത്രിയാവാനിടയുള്ള ഇദ്ദേഹത്തിന്റെ ഭരണകാലം നമുക്കു മുമ്പിൽ ഇതൾവിരിയാൻ പോകുന്നതേ ഉള്ളൂ.**


ശശി തരൂർ

മഅ്ദനി ഭീകരനാണെന്ന് സ്ഥാപിക്കാൻ തയാറുള്ളവർക്കെല്ലാം മുഖ്യധാരാ മാധ്യമങ്ങൾ വാരിക്കോരി ഇടം നൽകുന്നുണ്ട്. 'ഖൗമി'ന്റെ കാര്യത്തിൽ കുറെക്കൂടി പ്രതിലോമപരമായ നിലപാട് സ്വീകരിക്കാനുള്ള സന്നദ്ധതയുണ്ടെങ്കിൽ അറബി നാമധാരികൾക്ക് മുൻഗണന. അവരാണ് ഇക്കാലത്ത് പുരോഗമന സാഹിത്യത്തിന്റെ ആചാര്യന്മാരാവുന്നത്. കെ.ടി കുഞ്ഞിക്കണ്ണൻ *ജന്മഭൂമി*യിൽ മഅ്ദനിയെ കുറിച്ച് ദിവസങ്ങളോളം എഴുതി നിറക്കുന്നതിനേക്കാൾ സ്വീകാര്യത *മാതൃഭൂമി*യിൽ ഏതെങ്കിലും അബ്ദുല്ലയോ ഹമീദോ എഴുതുന്ന അരക്കോളത്തിന് ലഭിക്കുന്നതിന്റെ സാഹചര്യം ഇതാണ്. എഴുതുന്നവന്റെ വിചാരം താൻ മതേതരത്വത്തെ പോഷിപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണെങ്കിൽ വായിക്കുന്നവൻ മാർക്കിടുന്നത് എഴുതിയവന്റെ ജാതിക്കാണ്. സ്വന്തം മതത്തിന്റെ ചെലവിലാണ് താൻ ആളാകുന്നതെന്ന് ഈ 'മതേതരവാദികൾ'ക്ക് തിരിയുന്നില്ല എന്നു മാത്രം. സ്വന്തം മതത്തിൽപെട്ടവരെ 'അപ്പിയിട്ട്' തോൽപ്പിക്കുമ്പോഴല്ലാതെ ഇവരുടെ മാർക്കറ്റ് നിലവാരം വർധിക്കുന്നുമില്ല. അത് മനസ്സിലാവണമെങ്കിൽ ഭാവി ഇന്ത്യൻ പ്രധാനമന്ത്രിയാവാൻ കുപ്പായം തുന്നി കാത്തിരിക്കുന്ന നരേന്ദ്രമോഡിയുടെയും അദ്വാനിയുടെയും മതഭ്രാന്തിനെ കുറിച്ചും അവർ കാരണം തല കൊയ്യപ്പെട്ട നിരപരാധികളുടെ മതത്തെ കുറിച്ചും ഒരു ലേഖനമെഴുതി ഇതേ പത്രങ്ങളിലേക്ക് അയച്ചു കൊടുക്കുകയേ വേണ്ടൂ.

ഭീകരതയുടെ യഥാർഥ കുഴലൂത്തുകാരിൽ മുൻപന്തിയിലുള്ളത് സത്യം പറഞ്ഞാൽ ശശി തരൂർ എന്ന മലയാളിയാണ്. ലോകചരിത്രത്തിലെ ഏറ്റവും കൊടിയ നരമേധങ്ങളുടെ നടത്തിപ്പുകാരായ ഇസ്രയേലിന് അന്താരാഷ്ട്ര വേദികളിൽ മാന്യത സമ്പാദിച്ചുകൊടുക്കാൻ സഹായിക്കുന്ന ലേഖനമാണ് ഈ മലയാളിയെ ആഗോളതലത്തിൽ ശ്രദ്ധേയനാക്കിയത്. ലോക്സഭയിൽ തോറ്റാൽ രാജ്യസഭയിലൂടെ മന്ത്രിയാവാനിടയുള്ള ഇദ്ദേഹത്തിന്റെ ഭരണകാലം നമുക്കു മുമ്പിൽ ഇതൾവിരിയാൻ പോകുന്നതേ ഉള്ളൂ. സാമ്രാജ്യത്വത്തിന്റെയും ജൂതായിസത്തിന്റെയും മാത്രമല്ല ആൾദൈവങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂടി ആഗോള അംബാസഡറാവാൻ ഇദ്ദേഹത്തിന് കഴിയേണ്ടതാണ്. ബി.ജെ.പിക്കും കോൺഗ്രസിനുമിടയിൽ സമാനമായ ആശയങ്ങൾ പങ്കുവെക്കാൻ ഇദ്ദേഹത്തോളം കഴിവുറ്റ മറ്റൊരാൾ ഇനി ഇന്ത്യാ ചരിത്രത്തിലുണ്ടാവാനും പോകുന്നില്ല. '92-ൽ സ്വന്തം പാർട്ടി നേതാവിനെ അധിക്ഷേപം ചൊരിഞ്ഞ് പുസ്തകമെഴുതിയ തരൂരിന്റെ കുറ്റം മറക്കാൻ തയാറുള്ള രമേശ് ചെന്നിത്തല അതേ വർഷം മഅ്ദനി ബി.ജെ.പിക്കെതിരെ നടത്തിയ പ്രസംഗത്തെ ഇന്നും ഓർമയിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ എന്താണ് രാഷ്ട്രീയമെന്ന ഈ ഏർപ്പാടിന്റെ തന്നെ അർഥം? '90കളിലെ മഅ്ദനിയുടെ പ്രസംഗമാണ് അദ്ദേഹത്തിന്റെ പിൽക്കാല നിലപാടുകളേക്കാൾ പ്രധാനമെങ്കിൽ '90കളിലെ അദ്വാനിയും 2000ത്തിലെ നരേന്ദ്രമോഡിയുമൊക്കെ മനുഷ്യകുലത്തിന് സങ്കൽപ്പിക്കാനാവുന്നതിൽ ഏറ്റവും കൊടിയ ഭീകരന്മാരാണ്. വർഗീയവാദികളെ ഒപ്പം നിർത്തുന്നതാണ് കുറ്റമെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് രംഗത്തിറക്കുന്ന സ്ഥാനാർഥികളിൽ ഒരു ഡസനിലേറെ മുൻകാല ബി.ജെ.പി-ശിവസേനാ നേതാക്കളുണ്ട്. ചഗൻ ഭുജ്ബലും നാരായൺ റാണെയും ഒറീസയിലെ തോമാറും മറ്റും ഉദാഹരണങ്ങൾ.

അച്യുതാനന്ദൻ മഅ്ദനിയെ കുറിച്ച് പറയുന്നത് കമ്യൂണിസത്തിന്റെ അക്ഷരം വിജയിക്കാനും പാർട്ടിയിലെ എതിരാളിയെ വിഷണ്ണനാക്കാനും വേണ്ടിയാണെങ്കിൽ ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും വയലാർ രവിയും മഅ്ദനിയുടെ ഭീകരതയെ കുറിച്ച് പറയുന്നതിന് വെറും കൊതിക്കെറുവിന്റെ മൂല്യമേയുള്ളൂ. ജമാഅത്തെ ഇസ്‌ലാമിയെ പലതവണ പരസ്യമായി തള്ളിപ്പറഞ്ഞ രമേശ് ചെന്നിത്തലയാണ് കോഴിക്കോട്ട് സംഘടനാ നേതാക്കളെ കണ്ട് ആരുമറിയാതെ വോട്ടുചോദിക്കാനെത്തിയത്. ഒരു ഭാഗത്ത് എൻ.എസ്.എസ് ജനറൽ സെക്രട്ടറി നാരായണ പണിക്കരെ കൂട്ടി സോണിയാ ഗാന്ധിയെ കണ്ട് സംവരണത്തിനെതിരെ ഉപജാപം നടത്തുകയും മറുഭാഗത്ത് ലീഗിന്റെ സംവരണപ്രക്ഷോഭത്തെ ആശീർവദിക്കുകയും ചെയ്യുന്നതും ഇതേ നേതാവിന്റെ രാഷ്ട്രീയമാണ്. മതേതരത്വമാകട്ടെ വർഗീയതയാകട്ടെ ശുദ്ധ കാപട്യമാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാവരുടേതും. പക്ഷേ ഒരു കാര്യത്തിൽ മാത്രം ഇവരുടെ അജണ്ടകൾ സംക്രമിക്കുന്നുണ്ട്. മുസ്‌ലിം സമുദായത്തെ ചെളിവാരിയെറിയുന്നതിൽ. മഅ്ദനിയെ ഒമ്പതു കൊല്ലം ജയിലിലിട്ട കാലത്ത് ബി.ജെ.പിക്കു മാത്രം പരസ്യമായി പറയാൻ ധൈര്യമുണ്ടായിരുന്ന ആരോപണങ്ങളാണ് ഇന്ന് എല്ലാവരുടെയും നാവിൻ തുമ്പത്ത്. ശശി തരൂർ നേതാവാകുന്നതും മൻമോഹൻ സിംഗ് പ്രധാനമന്ത്രിയാകുന്നതും നട്‌വർ സിംഗിന് പണിപോകുന്നതും മണി ശങ്കർ അയ്യർക്ക് വകുപ്പ് മാറ്റമുണ്ടാകുന്നതും യു.പി.എ സർക്കാർ സി.പി.എം പിന്തുണ വേണ്ടെന്നുവെച്ചതും മുംബൈ ഭീകരാക്രമണമുണ്ടായതും ചിദംബരം ആഭ്യന്തമന്ത്രിയായതും കർക്കരെയുടെ അന്വേഷണങ്ങൾ അവസാനിച്ചതും അമേരിക്ക പാകിസ്താനിൽ നേരിട്ട് പ്രത്യക്ഷപ്പെടാൻ തുടങ്ങിയതുമൊക്കെ പരസ്പര ബന്ധമില്ലാത്ത കാര്യങ്ങളായിരിക്കാം. കേരളത്തിലെ അച്ചൻമാർ വിമോചന സമരത്തെ കുറിച്ച് ഇടയലേഖനങ്ങൾ ഇറക്കിത്തുടങ്ങിയതും നന്ദിഗ്രാം പ്രശ്നം റിപ്പോർട്ടു ചെയ്യാൻ അന്താരാഷ്ട്ര ഏജൻസികൾ തിക്കിത്തിരക്കിയെത്തിയതും സ്വതന്ത്രമായ താൽപര്യങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് സമാധാനിക്കാം. ബംഗാളിൽ തൃണമൂൽ കോൺഗ്രസിനു മുമ്പിൽ പ്രണബ് കുമാർ മുഖർജി സർവസംഗ പരിത്യാഗിയായതും എഴുതാപ്പുറം വായിക്കേണ്ടതില്ലാത്ത സംഗതിയാവാം. പക്ഷേ ഇവരുടെയെല്ലാം വാക്കുകൾക്കും പ്രവൃത്തികൾക്കുമുള്ള അനന്തരഫലം ഒരൊറ്റ ലക്ഷ്യത്തെയാണ് സാധൂകരിക്കുന്നത്. അമേരിക്കൻ താൽപര്യങ്ങളെ ചോദ്യം ചെയ്യാൻ ഇന്ത്യൻ പാർലമെന്റിൽ ഇനി ഒരുത്തനുമുണ്ടാവരുത്.

വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ആരു തന്നെ ജയിച്ചാലും തോറ്റാലും ശരി, രണ്ടുകാര്യങ്ങൾ മറിച്ചു സംഭവിക്കാൻ ഇനിയുള്ള കാലത്ത് സാധ്യത നന്നെ കുറവ്. കസേരകൾക്കു മുമ്പിൽ കീഴടങ്ങാൻ തയാറുള്ളവരുടെ കാര്യത്തിലൊഴികെ. മുസ്‌ലിംകളുടെ ഏത് രാഷ്ട്രീയവും ഇന്ത്യയിൽ ഭീകരതയായി മാത്രമേ വിലയിരുത്തപ്പെടൂ. ബംഗാളും കേരളവും ഒരുവേള ഭാവിയിൽ ഭരിച്ചെന്നിരിക്കാം; പക്ഷെ സി.പി.എമ്മിന് ഇനിയുള്ള കാലം പാർലമെന്റിലേക്ക് ആളെ പറഞ്ഞയക്കുക ഇശ്ശി ബുദ്ധിമുട്ടാവും. ■